**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5190 30.06.2014 ൽ മറുപടിയ്ക്ക്

**പുഴകളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| പാരിസ്ഥിതിക നാശം ഏറ്റവും അധികം ബാധിച്ചിട്ടുള്ളത് പുഴകളെയാണ് എന്നത് കണക്കിലെടുത്ത് പുഴകളെ സംരക്ഷിക്കുവാൻ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുവാൻ പരിസ്ഥിതി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | ഉണ്ട്. സംസ്ഥാനത്തിന്റെ നിലനില്പിന് ആധാരവും സംസ്ഥാനത്തിന്റെ വിലമതിക്കാനാവാത്ത പ്രകൃതിവിഭവവുമായ ജലം, സംസ്ഥാനത്തിന് ലഭ്യമാക്കുന്ന, അതുല്യമായ പരിസ്ഥിതി സേവനങ്ങൾ സുസ്ഥിര സംരക്ഷണ നടപടികളിലൂടെ വരുംതലമുറകൾക്കും ലഭ്യമാക്കണമെന്നുള്ളതിനാലും ഈ രീതിയിലുള്ള മലിനീകരണവും ചൂഷണവും തുടർന്നാൽ ജീവജല ലഭ്യത ഇല്ലാതാകുന്ന വിപത്ത് ഒഴിവാക്കേണ്ടതുള്ളതിനാലും സംസ്ഥാനത്തെ ഏറ്റവും അടിയന്തിര ശ്രദ്ധയും പരിഹാര നടപടിയും ആവശ്യമുള്ള പാരിസ്ഥിതിക പ്രതിസന്ധി എന്ന നിലയിൽ ജീവജലം സംരക്ഷിക്കുക എന്നത് പരമപ്രധാനമായ ഒരു സർക്കാർ നടപടിയായി നടപ്പാക്കേണ്ടിയിരിക്കുന്നു. ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണം ഉറപ്പാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. |

**ജലമലിനീകരണം**

(i) ഗാർഹിക മാലിന്യങ്ങളും നഗരമാലിന്യങ്ങളും

(ii) വ്യാവസായിക മാലിന്യങ്ങൾ

(iii) കാർഷിക മാലിന്യങ്ങൾ

(iv) ജലജൈവവൈവിധ്യ സംരക്ഷണം

(v) മണൽ വാരൽ

(vi) സംരക്ഷണ നടപടികൾ

(vii) അതിർത്തി സംരക്ഷണം

(viii) കുളങ്ങളുടെ സംരക്ഷണം

(ix) മേൽനോട്ടം

ജലസ്രോതസ്സുകളുടെ സംരക്ഷണം ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും ഗ്രാമപഞ്ചായത്തുകളും ജില്ലാ കളക്ടർമാരും കൈകാര്യം ചെയ്യുന്ന നദീ മാനേജ്മെന്റ് ഫണ്ട് കേന്ദ്ര സർക്കാർ പ്രകാരവും ജലസേചനം, മലിനീകരണ നിയന്ത്രണം, ശുചീകരണം, മത്സ്യബന്ധനം, സാമൂഹ്യ വനവല്ക്കരണം മുതലായവയിൽ ഉൾപ്പെടുത്തിയും സംസ്ഥാന സർക്കാരിന്റെ ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(signed)

സെക്ഷൻ ഓഫീസർ